പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

# ചോദ്യോത്തരങ്ങൾ-സംഗ്രഹം

2008 ഫെബ്രുവരി 27, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

12 (*61) മാലിന്യ മുക്ത കേരളം

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, പരിസ്ഥിതി മലിനീകരണമില്ലാത്ത മാലിന്യരഹിതമായ ഒരു സംസ്ഥാനമാണ് മാലിന്യമുക്തകേരളം പദ്ധതികൊണ്ട് വിവക്ഷിക്കുന്നതെന്ന് സഭയെ അറിയിച്ചു. 2006 ഒക്ടോബർ മാസം 2-ാം തീയതി മാലിന്യമുക്ത കേരളത്തിന് തുടക്കം കുറിക്കുകയും 2007 നവംബർ മാസം 1-ാം തീയതി കേരളപ്പിറവി ദിനത്തിൽ ബഹുമാനപ്പെട്ട രാഷ്ട്രപതി മാലിന്യമുക്ത കേരളം ആക്ഷൻ പ്ലാൻ റിലീസ് ചെയ്യുകയുമുണ്ടായി. ഈ പദ്ധതിയുടെ ഭാഗമായി 2006 ഒക്ടോബർ, 2007 മേയ്, 2007 ജൂലൈ, 2007 ഒക്ടോബർ എന്നീ മാസങ്ങളിൽ സ്കൂളുകൾ, ആശുപത്രികൾ, അംഗൻവാടികൾ, കോളനികൾ ചന്തകൾ, പൊതുസ്ഥലങ്ങൾ, വീടുകൾ എന്നിവ കേന്ദ്രീകരിച്ച് വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി. തദ്ദേശഭരണ

സ്ഥാപനങ്ങളുടെ തലത്തിൽ ഖര, ദ്രവ മാലിന്യത്തിന്റെ ഉറവിടം, സ്വഭാവം, അളവ് എന്നിവയെക്കുറിച്ച് സമഗ്രമായ സർവ്വേ നടത്തി. ഗ്രാമസഭകളും, പഞ്ചായത്ത് കൺവെൻഷനുകളും ചേർന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ശുചിത്വ നയ സമീപനരേഖ അംഗീകരിച്ചു. 16 ലക്ഷം ജനങ്ങൾ പ്രത്യേക ഗ്രാമസഭയിൽ പങ്കെടുക്കുകയുണ്ടായി. 14 ജില്ലകളിലും ജില്ലാ സാങ്കേതിക സഹായ ഗ്രൂപ്പുകൾ രൂപീകരിക്കുകയും 400-ൽ അധികം സാങ്കേതിക വിദഗ്ദ്ധരെ പരിശീലിപ്പിക്കുകയും ചെയ്തു. ഖര ദ്രവ മാലിന്യ പരിപാലനത്തിനുള്ള ഘടകം കൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ പരിപാടി പുതുക്കി, കേന്ദ്ര സർക്കാരിൽ നിന്നും 14 ജില്ലകൾക്കും അംഗീകാരം ലഭിച്ചു. 90 കോടി രൂപയുടെ അധിക സാമ്പത്തിക സഹായം നേടിയെടുത്തു. നഗരസഭകളിലും, നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ പരിപാലനത്തിനായി 15.9 കോടി രൂപയുടെ സാമ്പത്തിക സഹായം ക്ലീൻ കേരള മിഷൻ വഴി നൽകുകയുണ്ടായി. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിർമ്മൽ ഗ്രാമപുരസ്കാരം പരമാവധി നേടിയെടുക്കാൻ ലക്ഷ്യമിടുകയും 2007-ൽ 219 ഗ്രാമ പഞ്ചായത്തുകൾക്കും 6 ബ്ലോക്ക് പഞ്ചായത്തുകൾക്കും ടി അവാർഡ് നേടിയെടുക്കുന്നതിന് സാധിക്കുകയും ചെയ്തു. ഇതുപ്രകാരം 12.15 കോടി രൂപ അവാർഡ് തുകയ്ക്ക് അർഹത നേടുകയുണ്ടായി. KSUDP, JNNURM, UIDSSMT എന്നീ പദ്ധതികൾ വഴി ഖര ദ്രവ മാലിന്യ സംസ്ക്കരണത്തിനായി നഗരസഭകളിലേയ്ക്ക് 811.59 കോടി രൂപയുടെ

പദ്ധതികൾക്കും അനുമതി നേടിയെടുക്കാൻ സാധിച്ചു. ഉറവിടത്തിൽത്തന്നെ മാലിന്യം തരംതിരിച്ച് ശേഖരിക്കുന്ന സംവിധാനം നഗരസഭകളിൽ നടപ്പാക്കിത്തുടങ്ങി. 50 നഗരസഭകൾക്കും 126 പഞ്ചായത്തുകൾക്കും ഖരമാലിന്യ സംസ്ക്കരണത്തിന് സ്ഥലം ലഭ്യമാക്കി. 18 നഗരസഭകളിലും 7 ഗ്രാമപഞ്ചായത്തുകളിലും പൂർണ്ണതോതിലും 32 നഗരസഭകളിലും 105 ഗ്രാമപഞ്ചായത്തുകളിലും ഭാഗികമായും സംസ്ക്കരണ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. മാലിന്യപരിപാലനം വിദ്യാത്ഥികളിൽ എത്തിക്കുന്നതിന്, ഒരു ശീലമാറ്റത്തിലൂടെ ഭാവി തലമുറയെ രൂപപ്പെടുത്തിയെടുക്കുന്നതിന്റെ ഭാഗമായി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വേണ്ട കൈപ്പുസ്തകം തയ്യാറാക്കി. സമ്പൂർണ്ണ ശുചിത്വമിഷൻ, ക്ളീൻകേരള മിഷൻ എന്നിവയെ ഏകോപിപ്പിച്ച് ഒന്നാക്കി മാറ്റിയിട്ടുണ്ട്. അതിന്റെ നേതൃത്വത്തിലാണ് മാലിന്യമുക്ത കേരളം പദ്ധതി നടപ്പിലാക്കുന്നത്. 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കുന്നതും, വിൽപ്പന നടത്തുന്നതും ഉപയോഗിക്കുന്നതും നിരോധിച്ചു. സർക്കാർ ഓഫീസുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവയും അവയുടെ പരിസരങ്ങളും ശുചിയായി സൂക്ഷിക്കുന്നതിനുള്ള കർമ്മ പരിപാടി ആവിഷ്ക്കരിച്ച് വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു. 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൾപ്പന്നങ്ങളുടെ നിരോധനം സംസ്ഥാനത്ത് കഴിഞ്ഞ സെപ്റ്റംബർ മുതൽ കാര്യക്ഷമമായി നടപ്പിലാക്കിവരികയാണ്. ഇതു പ്രകാരം 30 മൊക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതും ട്രാൻസ്പോർട്ടിംഗ് നടത്തുന്നതും വിൽപ്പന നടത്തുന്നതും

ഉപയോഗിക്കുന്നതും ശിക്ഷാർഹമാണ്. പ്ലാസ്റ്റിക് നിരോധനം വിജയിപ്പിക്കുന്നതിന് സർക്കാർ പല തുടർനടപടികളും സ്വീകരിച്ചു വരുന്നുണ്ട്. 50 മൈക്രോണിനു താഴെയുള്ള പ്ലാസ്റ്റിക് നിരോധനം നടപ്പാക്കുന്നതിനുള്ള കരട് വിജ്ഞാപനം മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ ഭവിഷ്യത്തുക്കൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും, ഒരു ശീലമാറ്റത്തിനായി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നൂവെന്നുറപ്പു വരുത്തുന്നതിന്റെ ഭാഗമായി 22-2-2008 വരെ പട്ടണങ്ങളിൽ മാത്രം 72177 റെയ്ഡുകൾ നടത്തുകയും 17919.8 കിലോഗ്രാം നിരോധിച്ച പ്ലാസ്റ്റിക്കുകൾ കണ്ടുകെട്ടുകയും 5,33,676/- രൂപ പിഴ ചുമത്തുകയും 20 കേസ്സുകൾ ചാർജ്ജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിൽ 32077 കടകൾ പരിശോധിക്കുകയും 2567 കിലോഗ്രാം പ്ലാസ്റ്റിക്കുകൾ കണ്ടുകെട്ടുകയും 68,180 രൂപ പിഴ ഈടാക്കുകയും രണ്ട് കടകളുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ/എസ്.ജി. എസ്.വൈ. യൂണിറ്റുകൾ പേപ്പർ, ക്ലോത്ത് ക്യാരിബാഗുകളുടെ നിർമ്മാണവും വില്പനയും നടത്തിവരുന്നു. കൂടാതെ വിവിധ സന്നദ്ധ സംഘടനകളും ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ ഗ്രാമപഞ്ചായത്തുകളിലും 2 വീതവും, നഗരങ്ങളിൽ 4 വീതവും കോർപ്പറേഷനുകളിൽ 10 വീതവും എസ്.ജി.എസ്.വൈയിൽ 3520-ഉം ഉൾപ്പെടെ 5780 പേപ്പർ/തുണി

ക്യാരീബാഗ് നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനത്ത് തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗൃഹതലത്തിൽ ബയോഗ്യാസ്, യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 50 ശതമാനം സബ്സിഡി നൽകുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. ഫ്ളാറ്റുകൾ സ്വന്തമായി ഇത്തരം സംവിധാനം ഉണ്ടാക്കണമെന്ന നിബന്ധന കെട്ടിട നിർമ്മാണ ചട്ടത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പുതുതായി ആരംഭിക്കുന്ന ഹോട്ടലുകൾക്ക് സ്വന്തമായ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ നിർബന്ധമാക്കും. നിലവിലുള്ള ഹോട്ടലുകൾക്ക് ഒറ്റക്കോ കൂട്ടായോ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതാണ്. അതിനു സാധിക്കാത്ത ചെറുകിട മേഖലയിലെ സ്ഥാപനങ്ങ ളിൽ തദ്ദേശഭരണ സ്ഥാപനങ്ങളോ കോർപ്പറേഷനോ അവരെ സഹായിച്ചു കൊണ്ട് മാലിന്യ സംസ്കരണ പ്ളാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീക രിക്കുന്നതായിരിക്കും. പ്ളാസ്റ്റിക് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന് എല്ലാ വിഭാഗം ജനങ്ങളിൽനിന്നും അനുകൂലമായ സമീപനമാണ് കിട്ടിക്കൊ ണ്ടിരിക്കുന്നത്. വളരെ കുറച്ച് സ്ഥലത്ത് കൂടുതൽ വീടുകളും കൂടുതൽ ടോയ്ലെറ്റുകളും നിർമ്മിക്കുന്നതിന്റെ ഭാഗമായി ശുദ്ധജല മലിനീകരണ മുണ്ടാകുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടതിനാൽ ബിൽഡിംഗ് റൂളിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ബസ് സ്റ്റേഷനുകളി ലേയും ഗവണ്മെന്റ് ഓഫീസുകളിലേയും മറ്റും ലാട്രിനുകൾ വൃത്തിഹീന മാണെന്നു കണ്ടാൽ അതാതു വകുപ്പുതലവന്മാർ ഉത്തരവാദിത്വം വഹിച്ച് ക്ളീൻ ചെയ്യിപ്പിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സർവ്വീസ് സംഘട

നകളും അക്കാര്യത്തിൽ പൂർണ്ണമായി സഹകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തുണ്ടാകുന്ന മാലിന്യങ്ങളെല്ലാം കൂടി പ്രത്യേകമായ പ്ളാന്റ് സ്ഥാപിച്ച് അവിടെവച്ചുതന്നെ സംസ്കരിക്കുക എന്നുള്ളത് അസാധ്യമായതിനാൽ ഓരോ പ്രദേശത്തേയും മാലിന്യങ്ങൾ വീടുകളിലും വാർഡടിസ്ഥാനത്തിലും വികേന്ദ്രീകരിച്ച് സംസ്കരിക്കാനുള്ള സംവിധാനമാണ് പ്രായോഗികമായിട്ടുള്ളത്. അതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. പ്ളാസ്റ്റിക് നിരോധനം പൂർണ്ണമായി ഫലപ്രദമായിട്ടില്ല. 50 മൈക്രോൺ വരെയുള്ള പ്ളാസ്റ്റിക് ബാഗുകൾ നിരോധിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരമാകുമെന്നാണ് കരുതുന്നത്. പരിസരമലിനീകരണം ഉണ്ടാക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളാനുള്ള നിയമം നിർമ്മിച്ച് നടപ്പാക്കാനും ഗവണ്മെന്റ് ആഗ്രഹിക്കുന്നുണ്ട്. കടലാസ് ക്യാരിബാഗുകൾ വില കുറച്ചുകൊടുക്കാനും പ്ളാസ്റ്റിക് സഞ്ചികൾക്ക് നികുതി കൂട്ടി വില വർദ്ധിപ്പിക്കാനും ആലോചിക്കുന്നുണ്ട്. പ്ളാസ്റ്റിക് ബോർഡുകൾ നിരോധിക്കുന്ന കാര്യം ഒരു സർവ്വകക്ഷി യോഗം വിളിച്ച് തീരുമാനമെടുക്കുന്നതായിരിക്കും. കേരളത്തിന് അനുയോജ്യമായ തരത്തിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾക്ക് സർക്കാർ അനുമതി കൊടുക്കുന്നതാണ്. കടലോരത്തും കായലോരത്തും തോടുവക്കുകളിലും താമസിക്കുന്ന ആളുകൾക്ക് വേണ്ടി സെപ്റ്റിക് ടാങ്ക് കക്കൂസുകൾ സ്ഥാപിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. പുഴകളും നദികളും വൃത്തിയായി സൂക്ഷിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കർശനമായ ഉത്തരവ് കൊടുത്തിട്ടുണ്ട്. സ്കൂളുകളിലും പട്ടണങ്ങളിലും ശുചിത്വപൂർണ്ണമായ കക്കൂസുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. കൃഷി വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതികൾ നടപ്പിലാക്കുന്ന ഘട്ടത്തിൽ ഖരമാലിന്യ പ്ളാന്റുകളിൽ ഉൽപാദി

പ്പിക്കുന്ന വളം ഉപയോഗിക്കത്തക്ക തരത്തിലുള്ള സംവിധാനം ഉണ്ടാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്ത മാക്കി.

13 (*62) <u>കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം</u>

ധനകാര്യ വകുപ്പു മന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിനെ രാജ്യത്തെ തന്നെ ഏറ്റവും പ്രമുഖമായ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായി വളർത്തിയെടുക്കുന്നതിന് ആസൂത്രിതവും ചിട്ടയാർന്നതുമായ പ്രവർത്തന ങ്ങൾക്കാണ് സർക്കാർ രൂപം നൽകി നടപ്പിലാക്കുന്നതെന്ന് സഭയെ അറി യിച്ചു. കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനത്തിന്റെ കാര്യക്ഷമത ഉയർത്തു ന്നതിനും ബിസിനസ് ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ഇതിനോടകം തന്നെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 2010-ൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ നിർണ്ണയിച്ച് അതിനനുസൃതമായി ചിട്ടയായ ആസൂത്രണവും പ്രവർത്തനവും നടത്തിപ്പോരുന്നു. (വിഷൻ 2010). 2010 ആകുമ്പോഴേക്കും 500 കോടി രൂപയുടെ ചിട്ടി സല ലക്ഷ്യം വച്ചാണ് ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കെ.എസ്.എഫ്.ഇ.യുടെ പ്രധാന ബിസിനസായ ചിട്ടി കൂടുതൽ ജനവിഭാഗങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ആകർഷകമാക്കു ന്നതിനും നിരവധി നടപടികൾ കൈക്കൊണ്ടു. ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം കേരള സുവർണ്ണ ജൂബിലി ചിട്ടികൾ, പൊന്നോണ ചിട്ടികൾ, പ്രവാസിബന്ധു ചിട്ടികൾ എന്നിങ്ങനെ മൂന്നു പ്രധാന ചിട്ടിക്യാ മ്പയിനുകൾ നടത്തി. ഈ ക്യാമ്പയിനുകൾ ലക്ഷ്യത്തെക്കാൾ വളരെ ഉയർന്ന നേട്ടം കൈവരിക്കാനായി. ചിട്ടി കൂടുതൽ ആകർഷകമാക്കുന്നതിനു

വേണ്ടി ചിട്ടിയിലൂടെ ലഭിക്കുന്ന കമ്മീഷന്റെ നിശ്ചിത ശതമാനം വരിക്കാർക്ക് നൽകുന്നവിധം നിരവധി സമ്മാനപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ജാമ്യ വ്യവസ്ഥകൾ ഉദാരമാക്കി. ഇപ്പോൾ സ്വയം തൊഴിലുകാർ, പ്രൊഫഷണൽസ്, വ്യാപാരികൾ, ആദായനികുതിദായകർ എന്നിവരുടെ ജാമ്യവും സ്വീകരിക്കുന്നുണ്ട്. വസ്തു ഈടായി സ്വീകരിക്കുന്നതിനുള്ള ബാദ്ധ്യതയുടെ പരിധി 25 ലക്ഷം രൂപയിൽ നിന്ന് 1 കോടിരൂപയായി ഉയർത്തി. വസ്തുവിന്റെ മൂല്യനിർണ്ണയത്തിന് സുതാര്യവും കാര്യക്ഷമവുമായ രീതി നടപ്പിലാക്കി. ചിട്ടി വരിക്കാർക്ക് തവണ സംഖ്യ അടയ്ക്കുന്നതിനും മറ്റുമായി canvasing cum collection ഏജന്റുമാരെ നിയമിച്ചു. കാര്യക്ഷമത ഉയർത്തുന്നതിനായി കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തി. ജീവനക്കാരുടെ തുടർച്ചയായ പരിശീലനത്തിന് തുടക്കം കുറിച്ചു. 15 കോടി രൂപയുടെ ചിട്ടി ബിസിനസാണ് പൊന്നോണ ചിട്ടിയിലൂടെ ലക്ഷ്യം വച്ചത്. 50 കോടി രൂപയുടെ നേട്ടം കൈവരിച്ചു. ഗൾഫ് രാജ്യങ്ങളിലും മറ്റുമുള്ള പ്രവാസികളുടെ നാട്ടിലെ ബന്ധുക്കൾക്ക് വേണ്ടി ആവിഷ്ക്കരിച്ച പ്രവാസി ബന്ധു ചിട്ടികൾ. 2007 നവംബർ മാസത്തിലാണ് ആരംഭിച്ചത്. 15 കോടി രൂപയുടെ ചിട്ടി ബിസിനസ് ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. 48 കോടി രൂപയൂടെ ചിട്ടി ബിസിനസ് പുതുതായി ആരംഭിക്കാൻ കഴിഞ്ഞു. ചിറ്റാളന്മാർക്ക് നിരവധി ആകർഷകമായ സമ്മാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. കൂടാതെ അവർക്ക് പല മുല്യവർദ്ധിത സേവനങ്ങളും ഏർപ്പെടുത്തിയിരുന്നു. ചിട്ടി ഉപയോഗിച്ച് വിഭവസമാഹരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. അടുത്ത വർഷം പുതുതായി 40 ബ്രാഞ്ചുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. 70 ബ്രാഞ്ചുക

ളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി. 2008-09 സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള സർക്കാർ ഇതുവരെ 10 കോടി രൂപ കെ.എസ്.എഫ്.ഇ.യിൽ നിക്ഷേപിച്ചിട്ടുണ്ട്. 220 കോടി രൂപ ഡിവിഡന്റും ഗ്യാരന്റി കമ്മീഷനുമായി നൽകിയിട്ടുണ്ട്. കെ.എസ്.എഫ്.ഇ. മലയാളികൾക്കായി സുതാര്യമായ ഒരു സമ്പാദ്യ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കി എന്നുമാത്രമല്ല അതിലൂടെ സമാഹരിക്കുന്ന സമ്പാദ്യം കേരളത്തിന്റെ വികസനത്തിനു വേണ്ടി വിനിയോഗിക്കാൻ കഴിയുകയും ചെയ്യും. പുന:സംഘടനാ സ്കീം ഇപ്പോൾ കാബിനറ്റിന്റെ പരിഗണനയിലാണ്. കെ.എസ്.എഫ്.ഇ.യുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കാണ് പ്രഥമ പരിഗണന കൊടുക്കുന്നത്. വൈരുദ്ധ്യമാർന്ന ചിട്ടികൾ, കംപ്യൂട്ടർവൽക്കരണം, കളക്ഷൻ രീതിയിലുള്ള മാറ്റം മുതലായവ കൊണ്ട് കെ.എസ്.എഫ്.ഇ.യുടെ മൊത്തം സെറ്റപ്പ് മാറും. ചിട്ടി പിടിക്കുന്ന തുകയ്ക്ക് സർവ്വീസ് ടാക്സ് ഈ വർഷം മുതൽ ഈടാക്കണമെന്ന കേന്ദ്രഗവണ്മെന്റിന്റെ നിർദ്ദേശം പിൻവലിക്കണമെന്ന് കേന്ദ്ര ഗവണ്മെന്റിനോടഭ്യർത്ഥിച്ചിട്ടുണ്ട്. ഹിമാലയ പോലുള്ള സ്വകാര്യ കമ്പനികളെ വാണിജ്യാടിസ്ഥാനത്തിൽ നേരിടണമെങ്കിൽ കെ.എസ്.എഫ്.ഇ. ആഴ്ച വരുമാനക്കാർക്കും ദിവസ വരുമാനക്കാർക്കും വേണ്ടി ചിട്ടി തുടങ്ങണം. കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശംപള പരിഷ്കരണത്തിന് യാതൊരുവിധ തടസ്സവുമില്ല. സംസ്ഥാനത്ത് വ്യവസ്ഥാപിതമായ രീതിയിൽ നടക്കുന്ന ധാരാളം ചിട്ടിക്കമ്പനികളുണ്ട്. സംസ്ഥാനത്തിനു സെക്യൂരിറ്റി ഡെപ്പോസിറ്റ് തരാതെ ജമ്മു കാശ്മീരിലൊക്കെ ഡെപ്പോസിറ്റ് ചെയ്ത് ചിട്ടി നടത്തുന്ന സ്ഥാപനങ്ങളെ മണിലെന്റേഴ്സ് ആക്ട് ഉപയോഗിച്ച് കർശനമായി നിയന്ത്രി

ക്കും. കേരളത്തിനുപുറത്ത് ചിട്ടി രജിസ്റ്റർ ചെയ്തിട്ട് കേരളത്തിനകത്ത് ബിസിനസ് നടത്തുന്നവർ ഇവിടെ സെക്യൂരിറ്റി വയ്ക്കണമെന്നുള്ള രീതിയിലുള്ള നിയമനിർമ്മാണത്തെ സംബന്ധിച്ച് ആലോചിക്കുന്നതാണ്. സെൻട്രൽ ചിട്ടി ആക്ടിനു വിരുദ്ധമായി ഒന്നും ചെയ്യാൻ കഴിയുകയില്ല. കെ.എസ്.എഫ്.ഇ. യിലെ ടോപ് മാനേജുമെന്റാകെ പ്രൊഫഷണലൈസ് ചെയ്യാൻ പോവുകയാണ്. ഇപ്പോഴുള്ള പകുതി ജീവനക്കാർക്കും പുനഃപരിശീലനം നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവർക്കും പരിശീലനം നൽകുന്നതാണ്. ചിട്ടിയുടെ ടേൺ ഓവർ അടുത്തവർഷം ഏതാണ്ട് 5000 കോടി രൂപയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പുറത്തുനിന്നും ഡെപ്പോസിറ്റ് വാങ്ങി പണം കൊടുക്കാനുള്ള സ്ഥിതിവിശേഷം ഇല്ല. ഇൻഡ്യയിൽ മലയാളികളുടെ കേന്ദ്രങ്ങൾ ഉള്ളിടത്തെല്ലാം കെ.എസ്.എഫ്.ഇ.യുടെ ഓഫീസും ഉണ്ടാകുമെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട 63 മുതൽ 90 വരെയുള്ള (28) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 489 മുതൽ 780 വരെയുള്ള (292) ചോദ്യങ്ങൾക്കും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)